**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1581** **19-06-2024 - ൽ മറുപടിയ്ക്ക്**

**കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിലെ കറുകുറ്റി വില്ലേജ് വക ഭൂമിയിൽ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 2024-25 വർഷത്തെ ബഡ്ജറ്റിൽ 20 % തുക വകയിരുത്തിയത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം IIലെ വാല്യം IIൽ (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ) മറ്റ് റവന്യൂ ഓഫീസുകളിൽ 2553 സീരിയൽ നമ്പറായി ഉൾപ്പെട്ട കറുകുറ്റി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിന് മൊത്തം അടങ്കൽ തുകയുടെ (200 ലക്ഷം) 20% വകയിരുത്തിയിട്ടുണ്ട്. |
| (ബി) | കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കറുകുറ്റി പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗതീരുമാന പ്രകാരം റവന്യൂ വകുപ്പ് സ്വീകരിക്കേണ്ട തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) | കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കറുകുറ്റി പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗതീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സൈറ്റ് പ്ലാൻ, ജീവനക്കാരുടെ/അനുബന്ധ സൗകര്യങ്ങളുടെ വിശദാംശങ്ങൾ, എഫ്.എം.ബി സ്കെച്ച് എന്നിവ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട രേഖകൾ ജില്ലാ കളക്ടർ 15.05.2024-ന് പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുള്ളതും ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) | നിലവിലെ പഴക്കം ചെന്ന കെട്ടിടം പൊളിക്കുന്നതിന് മുന്നോടിയായി വാല്യുവേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂത്തീകരിക്കുന്നത് വരെ കറുകുറ്റി വില്ലേജ് ഓഫീസ് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടം കണ്ടെത്തിയിട്ടുണ്ടോ; ഈ വിഷയത്തിൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യങ്ങൾ സംബന്ധിച്ച കത്ത് പൊതുമരാമത്ത് വകുപ്പിൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | നിലവിലെ പഴക്കം ചെന്ന കെട്ടിടം പൊളിക്കുന്നതിന് മുന്നോടിയായുള്ള വാല്യുവേഷൻ നടപടികൾ തുടർന്നു വരുന്നു. നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂർത്തിയാകുന്നത് വരെ കറുകുറ്റി വില്ലേജ് ഓഫീസ് പഞ്ചായത്ത് ഓഫീസിന്റെ കെട്ടിടത്തിൽ താത്ക്കാലികമായി പ്രവർത്തിപ്പിക്കുന്നതിന് തീരുമാനമായിട്ടുള്ളതാണ്. കൂടാതെ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സൈറ്റ് പ്ലാൻ, ജീവനക്കാരുടെ/അനുബന്ധ സൗകര്യങ്ങളുടെ വിശദാംശങ്ങൾ, എഫ്.എം.ബി സ്കെച്ച് എന്നിവ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട രേഖകൾ ജില്ലാ കളക്ടർ 15.05.2024-ന് പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിലവിലെ വില്ലേജ് ഓഫീസ് കെട്ടിടം പൊളിക്കുന്നതിനും വില്ലേജ് ഓഫീസ് മറ്റൊരു കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച നിർദ്ദേശം ജില്ലാകളക്ടർക്ക് നൽകുമോ? | (ഡി) | കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കറുകുറ്റി പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഇതിനകം തന്നെ പ്രസ്തുത വിഷയത്തിന്മേൽ സത്വര നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ